**പതിനാലാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 60** | **28.11.2018-ൽ മറുപടിക്ക്**

## പ്രളയാനന്തര കേരളം

| **ചോദ്യം**<br>**ശ്രീ.കെ.വി.വിജയദാസ്** | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| (എ) പ്രളയാനന്തര കേരള പുനർ നിർമ്മാണത്തിനായി അന്തിമ രൂപരേഖ തയ്യാറായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്ന ഒരു ബൃഹത് പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 09.11.2018-ൽ G.O.(P) No. 16/2018/Plg. ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റു പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യ തൊഴിലാളികളുടെ പുനരധിവാസം എന്നിവയും, കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽ തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക വാണിജ്യനഗര കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകൾക്കും പ്രത്യേക പദ്ധതികൾ, തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു. |
| (ബി) ഇതിലേയ്ക്കായി എത്ര കോടി രൂപയുടെ ഡി.പി.ആർ.സർക്കാർ തയ്യാറാക്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ; | (ബി) തയ്യാറാക്കിയിട്ടില്ല. |
| (സി) നാളിതുവരെ ഇക്കാര്യത്തിൽ സി.എം.ഡി.ആർ.എഫ്.ലേയ്ക്ക് എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട്; ഇതിനോടകം ഇതിൽ നിന്നും എത്ര കോടി രൂപ എന്തിനെല്ലാം ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ? | (സി) സി.എം.ഡി.ആർ.എഫ്.ലേയ്ക്ക് 2733.70 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 592.40 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.<br>ചെലവഴിച്ച തുകയുടെ വിശദ വിവരം:<br>വീടുകളുടെ പുനർനിർമ്മാണം - ₹135,09,91,200<br>അടിയന്തിര ധനസഹായം - ₹ 457,23,43,200<br>ചികിത്സാ ധനസഹായം - ₹ 7,00,000 |

സെക്ഷൻ ഓഫീസർ